# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് ഒമ്പത്

## സഭകളുടെ മധ്യേയുള്ള മനുഷ്യപുത്രൻ

Sat വെളിപ്പാട് പുസ്തകത്തിന്റെ ഒന്നാം അധ്യായത്തിൽ നിർണ്ണായകമായ എട്ടു കാര്യങ്ങളുണ്ട്: ക്രിസ്തുവിന്റെ വെളിപാടും, യേശുവിന്റെ സാക്ഷ്യവും, ത്രിയേകദൈവവും, ക്രിസ്തുവിന്റെ രണ്ടാംവരവും, യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളികളും, സ്ഥലംസഭകളും, നിലവിളക്കുകളും, മനുഷ്യപുത്രനും. ആദ്യത്തെ ഏഴു കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞതിനാൽ ഈ ദൂതിൽ നാം സഭകളുടെ മധ്യേയുള്ള മനുഷ്യപുത്രൻ എന്ന എട്ടാമത്തെ കാര്യത്തിലേക്കു വരുന്നു (1:12-20). ഈ പുസ്തകത്തിൽ ക്രിസ്തുവിനെ ഒന്നാമതായി മനുഷ്യപുത്രൻ എന്നു വെളിപ്പെടുത്തിയിരിക്കുന്നു. സഭ മനുഷ്യരാൽ സംരചിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്, അവനെ സഭയുമായി ബന്ധപ്പെടുത്തുമ്പോഴെല്ലാം അവന്റെ മനുഷ്യപ്രകൃതത്തിൽ അവനെ വെളിപ്പെടുത്തിയിരിക്കുന്നു. സഭയുടെ തല ദൈവപുത്രൻ മാത്രമല്ല, മനുഷ്യപുത്രൻ കൂടിയാണ്. ആരോഹണത്തിനുശേഷം കർത്താവ് ഇപ്പോഴും മനുഷ്യപുത്രനാകുന്നു എന്നത് പുനരുത്ഥാനത്തിനുശേഷം അവന്റെ മനുഷ്യപ്രകൃതം അവൻ ഉരിഞ്ഞുകളഞ്ഞില്ല എന്നും നമ്മോടുള്ള അവന്റെ ഇടപെടലുകൾ അവന്റെ മനുഷ്യത്വത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു എന്നും സൂചിപ്പിക്കുന്നു. ഒരു മനുഷ്യനെന്ന നിലയിൽ, അവൻ ദൈവത്തിന്റെ സാക്ഷ്യമായിരിക്കുന്നതിൽ വിജയിച്ചു. അങ്ങനെ, ഇന്ന് സഭകളിലായിരിക്കുന്ന മനുഷ്യരായ നമുക്കും ദൈവത്തിന്റെ സാക്ഷ്യമായിരിക്കുവാൻ കഴിയും. ഒരു മനുഷ്യനെന്ന നിലയിൽ കർത്താവ് ജയിക്കുന്നവനായിരുന്നു, നമുക്കും ജയിക്കുന്നവരായിരിക്കുവാൻ കഴിയും.

ക്രിസ്തു ഇന്ന് സഭകളുടെ "മധ്യേ" ആണ്. ഒരുവശത്ത്, മഹാപുരോഹിതനെന്ന നിലയിൽ അവൻ സഭകൾക്കുവേണ്ടി സ്വർഗത്തിൽ പക്ഷവാദം ചെയ്തുകൊണ്ടിരിക്കുകയും (എബ്രാ. 9:24; 7:25-26; റോമ. 8:34), മറുവശത്ത്, അവയെ കരുതുന്നതിനുവേണ്ടി അവൻ സഭകളിൽ നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

അവന്റെ നീക്കത്തിൽ നാം പങ്കെടുക്കുകയും അവന്റെ കരുതൽ ആസ്വദിക്കുകയും ചെയ്യണമെങ്കിൽ, നാം സഭകളിലായിരിക്കണം.

## I. അവന്റെ മനുഷ്യത്വത്തിൽ

വാക്യം 13 പറയുന്നു, "നിലവിളക്കുകളുടെ മധ്യേ, പാദം വരെ നീളമുള്ള അങ്കി ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും, മനുഷ്യപുത്രനു സദൃശനായ ഒരുവനെയും ഞാൻ കണ്ടു." തന്റെ അങ്കി കാണിക്കുന്നതുപോലെ ക്രിസ്തുവിനെ ഇവിടെ മഹാപുരോഹിതനായി മാത്രമല്ല ചിത്രീകരിച്ചിരിക്കുന്നത്, പിന്നെയോ "മനുഷ്യപുത്രന് സദൃശനായും." അനാവരണം ചെയ്യുന്നു. അവൻ ഇപ്പോഴും ദിവ്യനും മനുഷ്യനും ആണ്. നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ, അവൻ തന്റെ മനുഷ്യത്വത്തിൽ സഭകൾക്കുവേണ്ടി കരുതുന്നു.

ക്രിസ്തു ദൈവപുത്രനായിരുന്നില്ലെന്ന് ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്ന ചിലർ നൂറ്റാണ്ടുകളിലുടനീളം പഠിപ്പിച്ചിട്ടുണ്ട്. ക്രിസ്തു ദൈവപുത്രനായിരുന്നില്ലെന്നു വിശ്വസിക്കുന്ന ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്നവർ ഇന്നും ഉണ്ട്. ക്രിസ്തു ദൈവപുത്രനെന്നതു നിഷേധിക്കുന്നത് ദൈവദൂഷണമാണ്. ഇങ്ങനെയുള്ള ഒരു പഠിപ്പിക്കൽ പൈശാചികവും പാതാളത്തിൽനിന്നു വരുന്നതുമാണ്: നാം വിട്ടുവീഴ്ചയില്ലാതെ അതിനെതിരായി നിൽക്കണം. അതിനു വിരുദ്ധമായി ക്രിസ്തു ഇന്നും മനുഷ്യപുത്രനാണെന്ന് ചില ക്രിസ്ത്യാനികൾ വിശ്വസിക്കുന്നില്ല. ക്രിസ്തു ജഡാവതാരത്താൽ ഒരു മനുഷ്യനായിത്തീർന്നുവെന്നും, എന്നാൽ അവന്റെ പുനരുത്ഥാനത്തിൽ അവൻ തന്റെ മനുഷ്യത്വം ഉരിഞ്ഞുകളഞ്ഞുവെന്നും അവർ പറയുന്നു. ഈ ക്രിസ്ത്യാനികളിൽ ചിലർ ചിന്തിക്കുന്നത് ക്രിസ്തു ഇനിയും മനുഷ്യപുത്രനായിരിക്കാതെ ഇപ്പോഴും ദൈവപുത്രൻ മാത്രമാകുന്നു എന്നാണ്. ഈ ധാരണയ്ക്കെതിരായി പതിനഞ്ചോളം വർഷങ്ങൾക്കുമുമ്പ് ഞാൻ പോരാടിയപ്പോൾ, ക്രിസ്തു ഇപ്പോഴും മനുഷ്യപുത്രനാണെന്നു പഠിപ്പിക്കുന്നത് തെറ്റാണെന്നു പറഞ്ഞുകൊണ്ട് ചിലർ എന്നെ എതിർത്തു. ക്രിസ്തു ഇന്ന് മനുഷ്യ പുത്രനാണെന്ന് ചില ക്രിസ്ത്യാനികൾ വിശ്വസിക്കാതിരിക്കുമ്പോൾ, നാം അതു വിശ്വസിക്കുന്നു. നിർമ്മലമായ വചനമനുസരിച്ച്, കർത്താവായ യേശു ഇപ്പോഴും ദൈവപുത്രനും മനുഷ്യപുത്രനും ആകുന്നു. നമ്മുടെ മനസ്സ് അത്രത്തോളം പരിമിതമായതുകൊണ്ട് ഇത് വേണ്ടുംവണ്ണം വിശദമാക്കുവാൻ നമുക്കു കഴിയുകയില്ല. എന്നിരുന്നാലും, നമ്മുടെ ക്രിസ്തു ദിവ്യത്വത്തോടുകൂടെയുള്ള ദൈവപുത്രനും മനുഷ്യത്വത്തോടുകൂടെയുള്ള മനുഷ്യപുത്രനും ആണെന്ന് നാം വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. അവനിൽ നമുക്ക് യഥാർഥ ദിവ്യത്വവും ശരിയായ മനുഷ്യത്വവും ഉണ്ട്.

കഴിഞ്ഞ പത്തൊമ്പതു നൂറ്റാണ്ടുകളിൽ, പ്രത്യേകിച്ചും ആദ്യത്തെ ആറു നൂറ്റാണ്ടുകളിൽ, ക്രിസ്ത്യാനികളുടെ ഇടയിൽ ക്രിസ്തുശാസ്ത്രം തീവ്രമായ ഒരു തർക്കവിഷയമായിരുന്നു. ക്രിസ്തു എന്ന വ്യക്തിയെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടായിരിക്കുകയും, ക്രിസ്ത്യാനികൾ അവയെക്കുറിച്ച് അന്യോന്യം പോരാടുകയും ചെയ്തിട്ടുണ്ട്. ദൈവശാസ്ത്ര ചിന്താധാരകളെന്നു വിളിക്കപ്പെടുന്ന ഇവയെയെല്ലാം നാം വിട്ടുകളയണം. വേദപുസ്തകമനുസരിച്ച്, നമ്മുടെ ക്രിസ്തു വാസ്തവമായും ദൈവപുത്രനും മനുഷ്യപുത്രനും ആണെന്ന് നാം വിശ്വസിക്കുന്നു. അവന് ദിവ്യത്വവും മനുഷ്യത്വവും എന്ന രണ്ടു പ്രകൃതങ്ങളുണ്ട്.

സഭകളിൽ നമ്മോടു ഇടപെടുവാൻ ക്രിസ്തു വരുമ്പോൾ, അവൻ തന്റെ ദിവ്യത്വത്തിൽ മാത്രമല്ല, തന്റെ മനുഷ്യത്വത്തിലും അങ്ങനെ ചെയ്യുന്നു. അവൻ ദൈവപുത്രനായിരുന്നതുകൊണ്ട് അവന് അതു ചെയ്യുവാൻ കഴിഞ്ഞു, എന്നാൽ നിങ്ങൾ ഒരു മനുഷ്യനായതിനാൽ, കർത്താവ് നിങ്ങളോടു സഹതപിക്കണം എന്നു ചിന്തിച്ചുകൊണ്ട് നിങ്ങളെത്തന്നെ ഒഴിച്ചുനിറുത്തുമായിരിക്കും. ദൈവപുത്രനെന്ന നിലയിൽ, കർത്താവ് വളരെ പ്രാപ്തിയുള്ളവനാണ്, എന്നാൽ വെറുമൊരു മനുഷ്യപുത്രനായ നിങ്ങൾ പരിതാപകരരായതുകൊണ്ട് കർത്താവു നിങ്ങളെ അത്രമാത്രം ശിക്ഷ വിധിക്കരുത്. എന്നാൽ അവൻ മനുഷ്യപുത്രനായി നമ്മുടെ അടുക്കൽ വരുമ്പോൾ, നിങ്ങൾക്ക് ഒഴികഴിവില്ല. അവനും ഒരു മനുഷ്യനായിരിക്കുകയും, ദൈവപുത്രനായല്ല, ഒരു മനുഷ്യനായി അത് സാധ്യമാക്കുകയും ചെയ്തു. നിങ്ങൾക്കായിത്തന്നെ ഒരു ഒഴികഴിവും ഉണ്ടാക്കരുത്. നിങ്ങൾ സഭാജീവിതത്തിൽ തോല്പിക്കപ്പെടുകയും, തോൽക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഒരു മനുഷ്യൻ മാത്രമായതുകൊണ്ട് അതു ക്ഷമിക്കാവുന്നതാണെന്നു പറഞ്ഞുകൊണ്ട് നിങ്ങളോടുതന്നെ സഹതപിക്കരുത്. മനുഷ്യരാണ് സഭാജീവിതത്തിനുള്ള ശരിയായ സാമഗ്രി. അങ്ങനെ, സഭകളുടെ മധ്യേ, ക്രിസ്തു മനുഷ്യപുത്രനായി നടന്നുകൊണ്ടിരിക്കുന്നു. ദാനിയേൽ 3-ൽ ദൈവപുത്രൻ തീയിൽ നടക്കുകയായിരിന്നുവെന്ന് നമ്മോടു പറയുന്നു, എന്നാൽ വെളിപ്പാട് 1-ൽ മനുഷ്യപുത്രനാണ് സഭകളുടെ മധ്യേ നടന്നു കൊണ്ടിരിക്കുന്നതെന്ന് നാം കാണുന്നു. മനുഷ്യപുത്രനെന്ന നിലയിൽ നാം എല്ലാവരും അവനെ ആരാധിക്കണം. അവൻ മനുഷ്യനും ദിവ്യനും ആയതുകൊണ്ട്, അവൻ ഇങ്ങനെയുള്ള ഒരു അത്ഭുതവാനാണ്. അവൻ ദിവ്യനും മനുഷ്യനും ആയതുകൊണ്ട്, അവൻ സ്വർഗത്തെയും ഭൂമിയെയും, ദൈവത്തെയും മനുഷ്യനെയും അറിയുന്നു. അവനിൽ നമുക്ക് ദിവ്യത്വവും മനുഷ്യത്വവും ഉണ്ട്. അവനിൽ നാം സ്വർഗത്തിലും ഭൂമിയിലും ആണ്. ഇന്ന് കർത്താവ് സ്വർഗത്തിലും, തന്റെ മനുഷ്യത്വത്തിൽ, സ്ഥലംസഭകളുടെ മധ്യേ നടന്നുകൊണ്ട് ഭൂമിയിലും ഉണ്ട്.

## II. പുരോഹിതനായി

ക്രിസ്തു "പാദം വരെ നീളമുള്ള അങ്കി ധരിച്ചിരിക്കുന്നു" എന്ന് വാക്യം 13 പറയുന്നു. ഈ അങ്കി പൗരോഹിത്യവസ്ത്രമാണ് (പുറ. 28:33-35); അത് ക്രിസ്തുവിന്റെ ദിവ്യ സദ്ഗുണങ്ങളുടെയും മാനുഷിക നന്മകളുടെയും നിറവിനെ സൂചിപ്പിക്കുന്നു (പ്ര. നി. യെശ. 6:1, 3). *പുരോഹിതൻ* എന്ന പദം ഇവിടെ പറയുന്നില്ലെങ്കിലും, ക്രിസ്തുവിനെ ഇവിടെ മഹാപുരോഹിതനായി ചിത്രീകരിച്ചിരിക്കുന്നുവെന്ന് അവന്റെ വസ്ത്രത്താൽ നമുക്കറിയാം. ഇന്ന്, സഭകളുടെ മധ്യേ നടക്കുന്നവനായ, മനുഷ്യപുത്രനായ യേശു ക്രിസ്തു ഒരു പുരോഹിതനാണ്. പുരോഹിതൻ, പ്രവാചകൻ, രാജാവ് എന്നീ മൂന്നു ഉദ്യോഗസ്ഥാനങ്ങളിൽ ഏറ്റവും ആർദ്രവും, അഗാധവും, വിലയേറിയതും, മനോഹരവുമായ ഉദ്യോഗസ്ഥാനം പുരോഹിതന്റേതാണ്. പുരോഹിതൻ ജനത്തെ കരുതുന്നവനായതുകൊണ്ട്, അവൻ വളരെ ആർദ്രവാനും മനോഹരനും ആണ്. ക്രിസ്തു സഭകളുടെ മധ്യേ നടക്കുമ്പോൾ അവൻ അവയെ കരുതുന്നു.

## III. ബലംകൊണ്ട് വേല ചെയ്യാതെ, സ്നേഹത്തിൽ സഭകൾക്കുവേണ്ടി കരുതുന്നു

മനുഷ്യപുത്രനായ ക്രിസ്തു "മാറത്തു പൊൻകച്ച കെട്ടിയിരിക്കുന്നു" എന്ന് വാക്യം 13 പറയുന്നു. ഒരു കച്ച മാറത്തു കെട്ടിയിട്ടുള്ള ആരെയെങ്കിലും നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ഇതു വളരെ അർഥവത്താണ്. പഴയനിയമത്തിലെ പുരോഹിതന്മാർ അവരുടെ ശുശ്രൂഷയ്ക്കുവേണ്ടി അരപ്പട്ട കെട്ടുമായിരുന്നു (പുറ. 28:4). ദാനിയേൽ 10:5-ലും ക്രിസ്തു പൊന്നുകൊണ്ടുള്ള കച്ച തന്റെ അരയ്ക്ക് കെട്ടിയിരുന്നു. എന്നാൽ ഇവിടെ നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു "മാറത്തു കെട്ടിയിരിക്കുന്നു." മാറ് സ്നേഹത്തെ സൂചിപ്പിക്കുന്നു. അരയിൽ കെട്ടുന്നത് വേലയ്ക്കുവേണ്ടി ബലപ്പെടേണ്ടതിനാണെങ്കിൽ, "മാറത്തു കെട്ടുന്നത്" സ്നേഹത്തിലുള്ള കരുതലിനെ സൂചിപ്പിക്കുന്നു. സഭകളെ ഉളവാക്കുന്നതിലുള്ള ക്രിസ്തുവിന്റെ വേല പൂർത്തിയായിരിക്കുന്നു. ഇനി അവന് വേലയ്ക്കുവേണ്ടി അവന്റെ അര കെട്ടേണ്ട ആവശ്യമില്ല. അവൻ ഇപ്പോൾ സഭകളുടെ മധ്യേ ചെയ്യുകൊണ്ടിരിക്കുന്നത് സ്നേഹത്തിൽ അവയെ കരുതുന്നതാണ്. ഇതിന് അവൻ മാറത്തു പൊൻകച്ച കെട്ടേണ്ടതുണ്ട്. ഈ "പൊൻകച്ച" സൂചിപ്പിക്കുന്നത് ദിവ്യബലത്തെയാണ്. തന്റെ മനുഷ്യത്വത്തിൽ അവയുടെ മധ്യേ നീങ്ങിക്കൊണ്ടും, തന്റെ ദിവ്യബലത്താൽ അവയ്ക്കുവേണ്ടി കരുതിക്കൊണ്ടും ക്രിസ്തു ഇപ്പോൾ സഭകളുടെമേൽ ഒരു ദിവ്യകരുതൽ പ്രയോഗിക്കുന്നു. ഇന്ന് അവന്റെ സഭകളുടെമേൽ

എത്ര സ്നേഹത്തോടുള്ള കരുതലാണ് അവൻ പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്!

## IV. പുരാതനനായി

"അവന്റെ തലയും തലമുടിയും വെള്ളപ്പഞ്ഞിപോലെ, ഹിമത്തോളം വെളുത്തത്" ആണെന്ന് വാക്യം 14 പറയുന്നു. വെളുത്ത തലമുടി പ്രായാധ്യക്യത്തെ സൂചിപ്പിക്കുന്നു (ഇയ്യോ. 15:10). ഉത്തമഗീതം 5:11-ൽ കർത്താവിനെ കറുത്ത തലമുടിയുള്ളവനായി ചിത്രീകരിച്ചിരിക്കുന്നത് അവന്റെ വാടാത്തതും ശാശ്വതവുമായ ബലത്തെ സൂചിപ്പിക്കുന്നു, എന്നാൽ വെളുത്ത തലമുടിയോടുകൂടെ അവനെ ചിത്രീകരിച്ചിരിക്കുന്നത് അവന്റെ പുരാതനത്വത്തെ സൂചിപ്പിക്കുന്നു.

ക്രിസ്തു പുരാതനനാണെങ്കിലും, അവൻ പ്രായമേറിയവനല്ല. ഈ അധ്യായത്തിൽ അവന്റെ തലയും അവന്റെ തലമുടിയും പഞ്ഞിപോലെ ഹിമത്തോളം വെള്ളയായിരുന്നുവെന്ന് നാം കാണുന്നു. വെളുത്ത പഞ്ഞി ജീവപ്രകൃതത്തിൽനിന്നും ഉളവാകുകയും, വെളുത്ത ഹിമം ആകാശത്തിൽനിന്ന്, സ്വർഗത്തിൽനിന്ന്, ഇറങ്ങിവരികയും ചെയ്യുന്നു. പഞ്ഞി വെള്ളയായി ഉണ്ടാക്കപ്പെട്ടതല്ല; അത് വെള്ളയായി ജനിച്ചതും, അതിന്റെ വെണ്മ അതിന്റെ പ്രകൃതത്തിൽനിന്നു വരുന്നതും ആണ്. വെളുത്ത പഞ്ഞി ക്രിസ്തുവിന്റെ പ്രകൃതത്തിന്റെ നിറമാണ്. അവന്റെ പുരാതനത്വം അവന്റെ പ്രകൃതത്തിൽ നിന്നാണ്. ഹിമം സ്വർഗത്തിൽനിന്നു വരുന്നതുകൊണ്ടും ഭൂമിയിലുള്ള അഴുക്കോ കറയോ അതിൽ ഇല്ലാത്തതുകൊണ്ടും വെളുത്തതാകുന്നു. ഇക്കാരണത്താൽ, ഇവിടെയും ദാനിയേൽ 7:9-ലുമുള്ള വെളുത്ത പഞ്ഞി സൂചിപ്പിക്കുന്നത്, ക്രിസ്തുവിന്റെ പുരാതനത്വം അവൻ പ്രായമുള്ളവനായിത്തീർന്നതിൽ നിന്നല്ല, അവന്റെ പ്രകൃതത്തിൽ നിന്നാണെന്നും, വെളുത്ത ഹിമം സൂചിപ്പിക്കുന്നത് അവന്റെ പുരാതനത്വം ഭൗമികമല്ല, സ്വർഗീയമാണെന്നും ആണ്.

## V. ശ്രദ്ധിക്കുകയും, നിരീക്ഷിക്കുകയും, തിരയുകയും, വിധിക്കുകയും, നിവേശിപ്പിക്കുകയും ചെയ്യുന്ന കണ്ണുകളോടുകൂടെ

അവന്റെ കണ്ണുകൾ അഗ്നിജ്വാലയ്ക്കൊത്തതാണെന്ന് വാക്യം 14-ൽ നാം കാണുന്നു. ഉത്തമഗീതം 5:12-ൽ ക്രിസ്തുവിന്റെ കണ്ണുകൾ പ്രാവുകളെപ്പോലെയാണ്. അത് അവന്റെ സ്നേഹത്തിന്റെ ആവിഷ്കാരത്തിനു വേണ്ടിയാണ്. ഇവിടെ "അവന്റെ കണ്ണുകൾ അഗ്നിജ്വാലപോലെ" ആണ്. ഇത് പ്രകാശിപ്പിക്കുന്നതിലൂടെയുള്ള അവന്റെ വിധിക്കലിൽ അവന് നിരീക്ഷിക്കുകയും തിരയുകയും ചെയ്യുന്നതിനു വേണ്ടിയാണ്. ഈ പുസ്തകത്തിൽ

അവന്റെ കണ്ണുകൾ രണ്ടല്ല, ഏഴാണ് (5:6). ഏഴ് എന്നത്, ദൈവത്തിന്റെ നീക്കത്തിൽ പൂർത്തീകരണത്തെ കുറിക്കുന്ന സംഖ്യയാണ്. ഇക്കാരണത്താൽ, ഈ പുസ്തകത്തിലെ അവന്റെ കണ്ണുകൾ ദൈവത്തിന്റെ പ്രവർത്തനത്തിനു വേണ്ടിയാണ്. അവന്റെ ഈ ഏഴു കണ്ണുകൾ "സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ആയിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു" (4:5; പ്ര.നി. ദാനീ. 10:6). "ജ്വലിച്ചുകൊണ്ടിരിക്കുന്നു" എന്നത് "അഗ്നിജ്വാലയ്ക്കു" സമവും, അത് നിരീക്ഷിക്കുന്നതിനും തിരയുന്നതിനും വേണ്ടിയുമാണ്. സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ഭൂമിയിലുള്ള ദൈവത്തിന്റെ നീക്കത്തിനുവേണ്ടിയാണ്. അങ്ങനെ, ഈ പുസ്തകത്തിലെ ക്രിസ്തുവിന്റെ കണ്ണുകൾ ഇന്ന് ഭൂമിയിലുള്ള ദൈവത്തിന്റെ നീക്കത്തിനും പ്രവർത്തനത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ ഏഴ് ആത്മാക്കളാണ്.

ക്രിസ്തുവിന്റെ കണ്ണുകൾ ശ്രദ്ധിക്കുന്നതിനും, നിരീക്ഷിക്കുന്നതിനും, തിരയുന്നതിനും, പ്രകാശിപ്പിക്കുന്നതിലൂടെ വിധിക്കുന്നതിനും, നിവേശിപ്പിക്കുതിനും വേണ്ടിയാണ്. അവന്റെ കണ്ണുകളുടെ വ്യത്യസ്തമായ ഈ വശങ്ങളെല്ലാം, പ്രത്യേകിച്ചും നിവേശിപ്പിക്കുന്ന വശം നാം അനുഭവമാക്കണം. അവനായിരിക്കുന്ന സകലത്താലും അവന്റെ കണ്ണുകൾ നമ്മെ നിവേശിക്കുന്നു. അവന്റെ നിവേശിപ്പിക്കുന്ന കണ്ണുകൾ നിരന്തരമായി ജ്വലിക്കുന്ന അഗ്നിജ്വാലയാണ്. ഇത് നമ്മുടെ അനുഭവത്താൽ തെളിയിക്കുവാൻ കഴിയും. ഇതു മനസ്സിലാക്കുവാൻ നിങ്ങളുടെ മനസ്സിനെ വ്യായാമംചെയ്യാതെ, നിങ്ങളുടെ അനുഭവവുമായി ഒത്തുനോക്കുക. നാം രക്ഷിക്കപ്പെട്ട നാൾമുതൽ ക്രിസ്തുവിന്റെ കണ്ണുകൾ ജ്വലിക്കുന്ന അഗ്നിപോലെ നമ്മെ പ്രകാശിപ്പിക്കുകയും നിവേശിക്കുകയും ചെയ്യുകയായിരുന്നു. അവന്റെ കണ്ണുകൾ നാം ചൂടുള്ളവരായിരിക്കുവാൻ നമ്മെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തു നമ്മെ നോക്കിയതിനുശേഷം, നാം ഒരിക്കൽ ആയിരുന്നതുപോലെ തണുപ്പന്മാരായിരിക്കുവാൻ നമുക്ക് ഒരിക്കലും കഴിയുകയില്ല. നമ്മെ നോക്കുന്നതിലൂടെ, അവൻ നമ്മെ ജ്വലിപ്പിക്കുകയും കർത്താവിൽ നമ്മെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. നിരവധി തവണ കർത്താവ് തന്റെ തുളയ്ക്കുന്ന കണ്ണുകളോടുകൂടെ നമ്മുടെ അടുക്കൽ വരുന്നു. ഒരുപക്ഷേ, നമ്മുടെ ഭാര്യമാരിൽനിന്നും ചിലത് ഒളിക്കുവാൻ നാം ശ്രമിക്കുമ്പോൾ, കർത്താവ് പ്രകാശിക്കുന്ന ഏഴു കണ്ണുകളോടുകൂടെ നമ്മുടെ ആഴത്തിലേക്ക് തുളച്ചുകയറുകയും നമ്മുടെ യഥാർഥ അവസ്ഥ തുറന്നുകാണിക്കുകയും ചെയ്തുകൊണ്ട് നമ്മുടെ അടുക്കലേക്കു വരുന്നു. നൂറിൽപരം തവണ ഇത്തരം അനുഭവങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്. ഞാൻ മറ്റുള്ളവരുമായി, പ്രത്യേകിച്ചും എന്റെ

പ്രിയപ്പെട്ടവരുമായി, തർക്കിക്കുമ്പോൾ ക്രിസ്തുവിന്റെ പ്രകാശിക്കുന്ന കണ്ണുകൾ എന്റെമേൽ ഉണ്ടായിരിക്കുകയും, എനിക്ക് തുടർന്നു സംസാരിക്കുവാൻ കഴിയാതിരിക്കുകയും ചെയ്തിട്ടുണ്ട്. അവന്റെ പ്രകാശിക്കൽ എന്റെ വായെ അടച്ചുകളഞ്ഞു.

വെളിപ്പാട് പുസ്തകം വിധിക്കുന്ന പ്രകൃതത്തോടുകൂടെയുള്ള ഒരു പുസ്തകമാണ്. അഗ്നി ദിവ്യമായ ന്യായവിധിക്കു വേണ്ടിയാണ് (1 കൊരി. 3:13; എബ്രാ. 6:8; 10:27). "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ" (എബ്രാ. 12:29). അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു. ഒരു അഗ്നിനദി അവന്റെ മുമ്പിൽനിന്നു പുറപ്പെട്ടൊഴുകി (ദാനി. 7:9-10). ഇതെല്ലാം ന്യായവിധിക്കു വേണ്ടിയാണ്. കർത്താവിന്റെ കണ്ണുകൾ അഗ്നിജ്വാലയായിരിക്കുന്നതിന്റെ മുഖ്യമായ പ്രാധാന്യം അവന്റെ ന്യായവിധിക്കു വേണ്ടിയാണ് (2:18-23; 19:11-12). ഭൂമിയുടെമേൽ ന്യായവിധി നടപ്പാക്കുന്നതിലൂടെ അതിനെ സ്വന്തമാക്കുന്നതിന് അവൻ വരുമ്പോൾ, അവന്റെ പാദങ്ങൾ പോലും അഗ്നിത്തൂണുകൾ പോലെ ആയിരിക്കും (10:1).

## VI. പരിശോധിക്കപ്പെട്ടതും തിളങ്ങുന്നതുമായ പാദങ്ങൾ ഉള്ളവനായി

"അവന്റെ പാദങ്ങൾ ഉലയിൽ ചുട്ടുപഴുപ്പിച്ച തിളങ്ങുന്ന താമ്രത്തിനു സദൃശം" എന്ന് വാക്യം 15 പറയുന്നു. പാദങ്ങൾ നടപ്പിനെ സൂചിപ്പിക്കുന്നു. മുൻകുറിശാസ്ത്രത്തിൽ, താമ്രം ദിവ്യമായ ന്യായവിധിയെ സൂചിപ്പിക്കുന്നു (പുറ. 27:1-6). ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ, അവന്റെ ഭൗമികനടപ്പും ദിനംപ്രതിയുള്ള നടപ്പും പരിശോധിക്കപ്പെട്ടതും പരീക്ഷിക്കപ്പെട്ടതും ആയിരുന്നു. അവന്റെ നടപ്പ് പരീക്ഷിക്കപ്പെട്ടതുകൊണ്ട്, അവൻ തിളങ്ങുന്നവനായി പുറത്തുവന്നു. ഇപ്പോൾ ക്രിസ്തുവിന്റെ പാദങ്ങൾ യെഹെസ്കേൽ 1:7-ലും ദാനിയേൽ 10:6-ലും പറഞ്ഞിരിക്കുന്നതുപോലെ മിനുക്കിയ താമ്രം പോലെയാണ്; അവന്റെ തികഞ്ഞതും ശോഭയുള്ളതുമായ നടപ്പ് ദിവ്യന്യായവിധി നടപ്പാക്കുവാൻ അവനെ യോഗ്യനാക്കുന്നു വെന്ന് അതു സൂചിപ്പിക്കുന്നു. "ഉലയിൽ ചുട്ടുപഴുപ്പിച്ച" എന്നത് കത്തിക്കുന്നതിലൂടെ പരിശോധിക്കപ്പെടുന്നതാണ്. ക്രിസ്തുവിന്റെ നടപ്പ് അവന്റെ കഷ്ടാനുഭവങ്ങളാൽ, അവന്റെ ക്രൂശിലെ മരണത്താൽപോലും പരിശോധിക്കപ്പെട്ടതാണ്. അതിനാൽ, അവന്റെ നടപ്പ് മിനുക്കിയ താമ്രംപോലെ ശോഭയുള്ളതാണ്; അത് നീതികെട്ടവരെ ന്യായംവിധിക്കുവാൻ അവനെ യോഗ്യനാക്കുന്നു. നാം നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ഭൂമിയെ ന്യായംവിധിക്കുന്നതിലൂടെ അതിനെ സ്വന്തമാക്കുവാൻ അവൻ വരുമ്പോൾ അവന്റെ പാദങ്ങൾ അഗ്നിത്തൂണുകൾ പോലെയായിരിക്കും (10:1).

## VII. ഗൗരവവും ഗാംഭീര്യവുമുള്ള ശബ്ദത്തോടുകൂടെ

"അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെ" എന്നും വാക്യം 15 പറയുന്നു. "പെരുവെള്ളത്തിന്റെ ഇരച്ചിൽ", പ്രക്ഷുബ്ധമായ ശബ്ദം, സർവശക്തനായ ദൈവത്തിന്റെ ശബ്ദമാണ് (യെഹെ. 1:24; 43:2). അത് അവന്റെ സംസാരത്തിന്റെ ഗൗരവത്തെയും ഗാംഭീര്യത്തെയും സൂചിപ്പിക്കുന്നു (പ്ര.നി. 10:3). ചിലപ്പോൾ കർത്താവിന്റെ ശബ്ദം സൗമ്യവും മൃദുവും ആണ്, എന്നാൽ മറ്റു സമയങ്ങളിൽ അവന്റെ ശബ്ദം ഇടിമുഴക്കംപോലെ നമ്മെ നടുക്കുന്നു. നാം അലസരോ നിദ്രാലസരോ ആയിരിക്കുമ്പോഴെല്ലാം കർത്താവിന്റെ ശബ്ദം നമ്മെ ഉണർത്തും. സർവശക്തനായ ദൈവത്തിന്റെ ശബ്ദമായ അവന്റെ ശബ്ദം നമുക്ക് മുന്നറിയിപ്പ് നൽകുകയും നമ്മെ ഉണർത്തുകയും ചെയ്യുന്നു.

## VIII. സഭകളുടെ ദൂതന്മാരെ പിടിച്ചിരിക്കുന്നു

വാക്യം 16 പറയുന്നു, "അവന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ ഉണ്ടായിരുന്നു." വാക്യം 20 വ്യക്തമാക്കുന്നതുപൊലെ, "ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു." ദൂതന്മാർ സഭകളിൽ യേശുവിന്റെ സാക്ഷ്യത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്ന ആത്മികരാണ്. നക്ഷത്രങ്ങളെ ഷോലെ, അവർക്ക് സ്വർഗീയ പ്രകൃതം ഉണ്ടായിരിക്കുകയും സ്വർഗീയ സ്ഥാനത്ത് ആയിരിക്കുകയും വേണം. അപ്പൊസ്തല പ്രവൃത്തികളിലും ലേഖനങ്ങളിലും മൂപ്പന്മാർ സ്ഥലം സഭകളുടെ പ്രവർത്തനത്തിൽ നേതൃത്വമുള്ളവരായിരുന്നു (പ്രവൃ. 14:23; 20:17; തീത്തൊ. 1:5). മൂപ്പർസംഘം ഏറെക്കുറെ ഔദ്യോഗികമാണ്; നാം കണ്ടതുപോലെ, ഈ പുസ്തകം എഴുതിയ സമയത്ത് സഭയുടെ അധഃപതനം നിമിത്തം സഭകളിലെ ഉദ്യോഗസ്ഥാനങ്ങൾക്ക് അപചയം സംഭവിച്ചിരുന്നു. ഈ പുസ്തകത്തിൽ തിരികെ ആത്മിക യാഥാർഥ്യത്തിലേക്ക് കർത്താവു നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ഇക്കാരണത്താൽ, മൂപ്പന്മാരേക്കാൾ സഭകളുടെ ദൂതന്മാർക്ക് ഇത് ഊന്നൽ നല്കുന്നു. മൂപ്പന്മാരുടെ ഉദ്യോഗസ്ഥാനം എളുപ്പത്തിൽ ഗ്രഹിക്കാം, എന്നാൽ സഭയുടെ അധഃപതനത്തിന്റെ അന്ധകാരത്തിൽ യേശുവിന്റെ സാക്ഷ്യം വഹിക്കുവാനുള്ള ശരിയായ സഭാജീവിതത്തിനുവേണ്ടി ദൂതന്മാരുടെ ആത്മികവും സ്വർഗീയവുമായ യാഥാർഥ്യത്തിന്റെ പ്രാധാന്യത്തെ വിശ്വാസികൾ കാണേണ്ടത് ആവശ്യമാണ്.

നിലവിളക്കുകളും നക്ഷത്രങ്ങളും രാത്രിയിൽ പ്രകാശിക്കുന്നതിനുവേണ്ടിയാണ്. ഒരു സ്ഥലം സഭയെ പ്രതിനിധീകരിക്കുന്ന ഒരു നിലവിളക്ക് ഒരു കൂട്ടായ ഏകകമാണെങ്കിൽ, ഒരു സ്ഥലം സഭയുടെ ദൂതനെ പ്രതിനിധീകരിക്കുന്ന നക്ഷത്രം ഒറ്റയായ ഒരു

അസ്തിത്വമാണ്. സഭയുടെ അധഃപതനത്തിന്റെ ഇരുണ്ട രാത്രിയിൽ കൂട്ടായ സഭകളുടെയും ഒറ്റയായ ദൂതന്മാരുടെയും പ്രകാശിക്കലിന്റെ ആവശ്യമുണ്ട്. ക്രിസ്തു സഭകളുടെ ഇടയിൽ നടക്കുമ്പോൾ, അവൻ തന്റെ വലങ്കയ്യിൽ നേതൃത്വം എടുക്കുന്നവരെ വഹിക്കുന്നു. ഇത് എത്ര ആശ്വാസപ്രദമാണ്! അവർ അവന്റെ കൈകളിലായിരിക്കുന്നതുകൊണ്ടും അവൻ അവരെ വഹിച്ചിരിക്കുന്നതുകൊണ്ടും നേതൃത്വം എടുക്കുന്നവർ അവനെ സ്തുതിക്കണം. നേതൃത്വം എടുക്കുന്നവർ അവന്റെ കൈകളിലായതിനാൽ, അവർക്ക് പിൻവലിയുകയോ, ബലഹീനരായിരിക്കുകയോ, തെറ്റുപറ്റിയവരായിരിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. ക്രിസ്തു വാസ്തവമായും തന്റെ സാക്ഷ്യത്തിനുവേണ്ടിയുള്ള ഉത്തരവാദിത്തം എടുക്കുന്നു.

വെളിപ്പാട് പുസ്തകത്തിൽ സഭകളിൽ മൂപ്പന്മാരില്ല; മറിച്ച്, അവിടെ ദൂതന്മാരുണ്ട്. ഈ പുസ്തകം എഴുതിയ സമയത്ത് സഭ അധഃപതിച്ചിരുന്നു. ഇക്കാരണത്താൽ, വെളിപ്പാടിൽ, കർത്താവ് സകല സമ്പ്രദായങ്ങളെയും ഉപേക്ഷിച്ചു. ഒരു മൂപ്പനായിരിക്കുന്നത് ഏറെക്കുറെ നിയമാനുസൃതവും ഔപചാരികവും ആയിരിക്കാം. ഒരു മൂപ്പനായിരിക്കുവാൻ ആഗ്രഹിക്കരുത്; പ്രകാശിക്കുന്ന ഒരു നക്ഷത്രമായിരിക്കുവാൻ ആഗ്രഹിക്കുക. വെറുമൊരു സ്ഥാനമുള്ളവനായിരിക്കരുത്—പ്രകാശിക്കുന്ന ഒരു നക്ഷത്രമായിരിക്കുക. നിലവിളക്കും നക്ഷത്രങ്ങളും രാത്രിയിൽ പ്രകാശിക്കുന്നു. സഭയും സഭകളിൽ നേതൃത്വം എടുക്കുന്നവരും പ്രകാശിക്കണം. നേതൃത്വം എടുക്കുന്നവരെല്ലാം നക്ഷത്രങ്ങളായിരിക്കണം.

## IX. അവന്റെ വായിൽനിന്ന് ന്യായംവിധിക്കുന്ന വചനം പുറപ്പെടുന്നു

"അവന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പുറപ്പെടുന്നു" എന്ന് വാക്യം 16-ൽ നമ്മോടു പറഞ്ഞിരിക്കുന്നു. ഉത്തമഗീതം 5:16-ൽ "അവന്റെ വായ് ഏറ്റവും മധുരമുള്ളതും" സുവിശേഷങ്ങളിൽ അവന്റെ വായിൽനിന്നു പുറപ്പെട്ടത് "കൃപയുടെ വചനങ്ങളും" ആയിരുന്നു (ലൂക്കൊ. 4:22). എന്നാൽ ഇവിടെ "അവന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പുറപ്പെടുന്നു." ഇത് അവന്റെ വിവേചിക്കുന്നതും, ന്യായംവിധിക്കുന്നതും, "നിഗ്രഹിക്കുന്നതുമായ വചനമാണ്" (എബ്രാ. 4:12; എഫെ. 6:17). "കൃപയുടെ വചനങ്ങൾ" അവന് പ്രിയമുള്ളവർക്ക് കൃപയുടെ സഹായം നല്കുന്നതിനുവേണ്ടിയാണെങ്കിൽ, "ഇരുവായ്ത്തലവാൾ" നിഷേധാത്മകരായ വ്യക്തികളോടും കാര്യങ്ങളോടുമുള്ള അവന്റെ ഇടപെടലിനുവേണ്ടിയാണ്. ആത്മാവ് സഭകളോടു സംസാരിക്കുന്നു എന്നു നാം പലപ്പോഴും പറയാറുണ്ട്. ഇന്ന് സംസാരിക്കുന്ന ആത്മാവ് ഇരുവായ്ത്തലവാളോടുകൂടെ സംസാരിക്കുന്ന ഈ ക്രിസ്തുവാണെന്ന് ഓർക്കുക. ഇവിടെ ന്യായവിധി ഉണ്ട്; നാമെല്ലാം ഇത് അനുഭവമാക്കിയിട്ടുണ്ട്.

സഭയുടെ അധഃപതനം നിമിത്തം നമുക്കെല്ലാവർക്കും ഒരു പ്രത്യേക അളവിലുള്ള ന്യായവിധിയുടെ ആവശ്യമുണ്ട്. ഇന്ന് എല്ലാ ക്രിസ്ത്യാനികൾക്കും കർത്താവിന്റെ വചനത്താലുള്ള അവന്റെ ന്യായവിധി ആവശ്യമാണ്. നാം തെറ്റുകാരായതുകൊണ്ടും കർത്താവിൽനിന്നും വഴിതെറ്റിപ്പോയതുകൊണ്ടും നിരവധി തവണ നാം ഈ ന്യായവിധി അനുഭവിച്ചിട്ടുണ്ട്. നാം അവനിൽനിന്നും അകന്ന് അലഞ്ഞുതിരിഞ്ഞതിനാൽ നമ്മെ ന്യായംവിധിക്കുവാൻ അവൻ വന്നു. അവന്റെ സംസാരം ഇന്ന് മുഖ്യമായും ഒരു തരം ന്യായവിധിയാണ്. കർത്താവു നിങ്ങളോടു സംസാരിക്കുമെങ്കിൽ അവന്റെ വാക്കുകളിൽ മിക്കതും ന്യായവിധിയുടെ വാക്കുകളായിരിക്കുമെന്ന് എനിക്ക് നിങ്ങളോടു സാക്ഷ്യപ്പെടുത്തുവാൻ കഴിയും. അവൻ സംസാരിക്കുമ്പോൾ അവൻ ന്യായംവിധിക്കുന്നു. ഇന്ന് സഭകളിൽ അവന്റെ വായിൽനിന്നുള്ള ഓരോ വാക്കും നമ്മെ ന്യായംവിധിക്കുന്ന മൂർച്ചയുള്ള ഒരു കത്തി പോലെയാണ്. കർത്താവിന്റെ വായിൽനിന്നു പുറപ്പെടുന്ന വചനങ്ങൾ മൂർച്ചയേറിയതും, നമ്മുടെ ആളത്തത്തിലേക്കു തുളച്ചുചെല്ലുന്നതും, നമ്മുടെ ആത്മാവിൽനിന്നും ദേഹിയെ വേർപെടുത്തുന്നതും നമ്മുടെ ഹൃദയത്തിന്റെ ഉദ്ദേശ്യങ്ങളെ വിവേചിക്കുന്നതും ആണ്. ഈ ക്രിസ്തുവിനെയാണ് നാം സഭാജീവിതത്തിൽ ഇന്ന് അനുഭവമാക്കുന്നത്.

ക്രിസ്തുമതത്തിൽ, ഈ അഭിപ്രായങ്ങൾ നിമിത്തം എണ്ണമറ്റ അഭിപ്രായങ്ങളും, നിരന്തരമായ വാഗ്വാദങ്ങളും പോരാട്ടങ്ങളും ഉണ്ട്. ഇത് ഞാൻ നേരിൽ കണ്ടിട്ടുണ്ട്. ഭരണസമിതി അംഗങ്ങളായി സേവിച്ചിരുന്ന ചില ക്രിസ്ത്യാനികളുടെ ഒരു സംഭവം എനിക്കറിയാം. ഒരിക്കൽ അവർ ഒരുമിച്ചു കൂടിവന്നപ്പോൾ, അവർ അന്യോന്യം വാദിക്കുകയും വാദപ്രതിവാദം നടത്തുകയും ചെയ്യുകയായിരുന്നു; ഒടുവിൽ, വാദപ്രതിവാദം ഒരു അടിപിടിയിലേക്കു തിരിഞ്ഞു. ഒരു ഘട്ടത്തിൽ ഭരണസമിതി അംഗങ്ങളിൽ ഒരാൾ ഒരു വേദപുസ്തകം മറ്റൊരു അംഗത്തിന്റെ നേരെ എറിയുകപോലും ചെയ്തു. എന്നാൽ ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നമ്മുടെ മധ്യേ നടക്കുന്നവനായ ഒരുവൻ നമുക്കുണ്ട്. അവൻ തന്റെ ജ്വലിക്കുന്ന ഏഴു കണ്ണുകൾകൊണ്ട് നമ്മെ ശ്രദ്ധിക്കുകയും, അവന്റെ വായിൽനിന്ന് മൂർച്ചയുള്ള ഇരുവായ്ത്തലവാൾ പുറപ്പെടുകയും ചെയ്യുന്നു. ഈ വാൾ നമ്മുടെ ഇടയിലുള്ള സകല വ്യത്യസ്ത ധാരണകളെയും കൊന്നിരിക്കുന്നു. ഇക്കാരണത്താലാണ് സഭകളിൽ വാദപ്രതിവാദങ്ങൾ അധികവും ഇല്ലാത്തത്.

ഈയിടെ നാം അനഹേമിൽ നമ്മുടെ മീറ്റിംഗ് ഹാൾ പൂർത്തീകരിച്ചു. നിർമ്മാണവേല നടന്നുകൊണ്ടിരുന്ന മാസങ്ങളിൽ നാം അന്യോന്യം പോരാടിയില്ലെന്ന് നമുക്കു സാക്ഷീകരിക്കുവാൻ കഴിയും. നഗരപരിശോധകരിൽ ഒരാൾ ഞങ്ങളോടു പറഞ്ഞത്,

അവന്റെ അനുഭവമനുസരിച്ച്, ഒരു സഭാഹാൾ നിർമ്മിക്കുമ്പോഴെല്ലാം, അതിലെ കമ്മിറ്റിയംഗങ്ങൾ അന്യോന്യം പോരാടുന്നു എന്നാണ്. കൊല്ലുന്ന വാൾനിമിത്തം ഞങ്ങൾ അന്യോന്യം പോരാടിയില്ല എന്ന് ഞങ്ങൾക്ക് ആ ഉദ്യോഗസ്ഥനോടു സാക്ഷീകരിക്കുവാൻ കഴിഞ്ഞു. നമുക്ക് അഭിപ്രായങ്ങളോ ധാരണകളോ ഇല്ല എന്ന് ഇത് അർഥമാക്കുന്നില്ല. നാം മനുഷ്യരും അനേകം അഭിപ്രായങ്ങൾ ഉള്ളവരും ആണ്. എന്നാൽ, നമുക്ക് എല്ലാവർക്കും സാക്ഷീകരിക്കുവാൻ കഴിയുന്നതുപോലെ, ഓരോ പ്രാവശ്യവും അഭിപ്രായം പൊങ്ങിവരുമ്പോൾ, വാൾ അതിനെ ഖണ്ഡങ്ങളായി മുറിക്കുന്നു. നിങ്ങളുടെ അഭിപ്രായത്തെക്കുറിച്ച് നിങ്ങൾ എത്രയധികം ചിന്തിക്കുന്നുവോ, അത്രയുമധികം നിങ്ങൾ മുറിക്കപ്പെടുന്നു. ഇത് ഉപദേശമല്ല—ഇതാണ് നമ്മുടെ അനുഭവം. രണ്ടു സഹോദരന്മാർ പോരാടുവാൻ അടുക്കുമ്പോഴെല്ലാം, രണ്ടു സഹോദരന്മാരുടെയും അഭിപ്രായങ്ങളെ മുറിച്ചുകളയുവാൻ മൂർച്ചയുള്ള വാൾ ഉപയോഗിച്ചുകൊണ്ട് മൂന്നാമത്തെ കക്ഷി, ബലവാനായ കക്ഷി, പ്രത്യക്ഷനാകുന്നു. നമ്മുടെ മീറ്റിംഗ് ഹാൾ പണിതുകൊണ്ടിരിക്കുമ്പോൾ ഇരുവായ്ത്തലവാൾ സകല വഴക്കുകളെയും അവസാനിപ്പിച്ചു. ഈ മൂന്നാമത്തെ കക്ഷി മഹാപുരോഹിതനെന്ന നിലയിൽ സഭകളുടെ ഇടയിൽ നടക്കുകയും സ്നേഹത്തിൽ അവരെ കരുതുകയും ചെയ്യുന്ന മനുഷ്യപുത്രനായ ക്രിസ്തു തന്നെയാണ്. പഴയനിയമത്തിൽ പുരോഹിതന്മാർ വിളക്കുകളിലെ തിരി വെട്ടിയൊതുക്കണമായിരുന്നു. ഇന്ന്, മനുഷ്യപുത്രനായ നമ്മുടെ പുരോഹിതൻ നമ്മെ വെട്ടിയൊതുക്കേണ്ട ശരിയായ സമയം അറിയുന്നു. ഇതാണ് നമ്മുടെ ഇടയിൽ ഇത്രയും ശാന്തത ഉണ്ടായിരിക്കുവാനുള്ള കാരണം. ഇത് പുറത്തുള്ളവർക്ക് മനസ്സിലാക്കുവാൻ കഴിയാത്ത സഭാജീവിതത്തിന്റെ ഒരു രഹസ്യമാണ്, കാരണം നിലവിളക്കിലുള്ള വിളക്കുകളിലെ തിരി വെട്ടിയൊതുക്കുകയും അതിനോട് ഇടപെടുകയും ചെയ്യുന്ന പുരോഹിതൻ അവർക്കില്ല. ഇപ്പോൾ പുരോഹിതൻ എല്ലാ വിളക്കുകളെയും വെട്ടിയൊതുക്കുന്നതിലൂടെ അവരെ കരുതിക്കൊണ്ട് സഭകളുടെ ഇടയിൽ നടന്നുകൊണ്ടിരിക്കുന്നു.

## X. പ്രകാശിക്കുന്ന മുഖത്തോടുകൂടെ

"അവന്റെ മുഖം സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ ആയിരുന്നു" എന്നും വാക്യം 16 നമ്മോടു പറയുന്നു. ഉത്തമഗീതം 5:10-ലും 13-ലും അവന്റെ മുഖം അവനെ അഭിനന്ദിക്കുന്ന അവന്റെ അന്വേഷകയ്ക്ക് മനോഹരമായി കാണപ്പെടുകയും, ലേഖനങ്ങളിൽ അവന്റെ മുഖം അവന്റെ വിശ്വാസികളിലേക്ക് ജീവൻ പകരുന്നതിനുവേണ്ടി ദൈവത്തിന്റെ

തേജസ്സിനെ പ്രതിബിംബിക്കുകയും ചെയ്യുന്നു (2 കൊരി. 4:6). എന്നാൽ ഇവിടെ, രാജ്യത്തെ കൊണ്ടുവരുന്നതിനുള്ള ന്യായംവിധിക്കുന്ന പ്രകാശനത്തിനുവേണ്ടി ദാനിയേൽ 10:6-ലെന്നപോലെ "അവന്റെ മുഖം സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ" ആണ്. അവൻ കായാന്തരപ്പെടുകയും അവന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിക്കുകയും ചെയ്തപ്പോൾ, അത് രാജ്യത്തിലുള്ള അവന്റെ വരവായിരുന്നു (മത്താ. 16:28—17:2). രാജ്യത്തിനുവേണ്ടി അവൻ ഭൂമിയെ സ്വന്തമാക്കുവാൻ വരുമ്പോൾ അവന്റെ മുഖം സൂര്യനെപ്പോലെ ആയിരിക്കും (10:1).

## XI. ആദ്യനും അന്ത്യനും, ഒന്നാമത്തവനും ഒടുക്കത്തവനും

വാക്യം 17 പറയുന്നു, "അവനെ കണ്ടപ്പോൾ, ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു; അവനോ തന്റെ വലം കൈ എന്റെമേൽ വച്ചു പറഞ്ഞത്, ഭയപ്പെടേണ്ട: ഞാൻ ഒന്നാമത്തവനും ഒടുക്കത്തവനും ആകുന്നു." ക്രിസ്തു ഒന്നാമത്തവനും ഒടുക്കത്തവനും മാത്രമല്ല, ആദിയും അന്തവും കൂടെയാണ്. സഭാജീവിതം ആരംഭിച്ചതിനാൽ അവൻ തീർച്ചയായും അതു നിവർത്തിക്കുമെന്ന് ഇത് നമുക്ക് ഉറപ്പുനല്കുന്നു. അവന്റെ വേല ഒരിക്കലും പൂർത്തിയാക്കാതെ അവൻ വിടുകയില്ല. കർത്താവായ യേശു ആദിയും അന്തവും ആണെന്ന് എല്ലാ സ്ഥലംസഭകളും വിശ്വസിക്കണം. അവന്റെ പ്രത്യുദ്ധാരത്തിൽ അവൻ ആരംഭിച്ചത് അവൻ പൂർത്തിയാക്കും.

## XII. ജീവനുള്ളവൻ

"മരിച്ചവനായിത്തീർന്നവനും" "എന്നെന്നേക്കും ജീവിക്കുന്നവനും" ആയ കർത്താവു "ജീവനുള്ളവൻ" ആണെന്ന് വാക്യം 18-ൽ നാം കാണുന്നു. സഭകളുടെ മധ്യേ നടക്കുന്നവനും, സഭകളുടെ തലയും, സഭകളുടെ ഉടമസ്ഥനുമായ സാക്ഷാൽ ക്രിസ്തു ജീവനാൽ നിറഞ്ഞ ജീവനുള്ളവനാണ്. ഇക്കാരണത്താൽ, അവന്റെ ശരീരമായ സഭയും ജീവനുള്ളതും ജീവനാൽ നിറഞ്ഞതും ആയിരിക്കണം. ഹല്ലേലൂയ്യാ, നമുക്ക് മരണത്തെ ജയിച്ചവനായ ജീവനുള്ള ക്രിസ്തു ഉണ്ട്! ഉയിർത്തെഴുന്നേറ്റവനായ നമ്മുടെ ക്രിസ്തു നമ്മിലും നമ്മുടെ ഇടയിലും ജീവിക്കുന്നു. അവൻ എന്നെന്നേക്കും ജീവിക്കുന്നു. എന്തൊരു ജീവനുള്ള ക്രിസ്തുവാണ് പ്രത്യുദ്ധാരത്തിൽ നമുക്കുള്ളത്! പ്രത്യുദ്ധാരത്തിൽ എല്ലാ സഭകളും ക്രിസ്തുവിനെപ്പോലെ ജീവനുള്ളതും ജീവനാൽ നിറഞ്ഞതും, മരണത്തെ ജയിക്കുന്നതും ആയിരിക്കണം.

## XIII. മരണത്തിന്റെയും പാതാളത്തിന്റെയുംമേൽ അധികാരമുള്ളവൻ

"മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ

കൈവശമുണ്ട്" എന്നും വാക്യം 18-ൽ കർത്താവു പറഞ്ഞു. മനുഷ്യന്റെ വീഴ്ചയും പാപവും നിമിത്തം മരണം കടന്നുവരികയും ഇപ്പോൾ പാപികളായ എല്ലാ ആളുകളെയും കൂട്ടിച്ചേർക്കുവാൻ ഭൂമിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. മരണം തറയിൽനിന്നും പൊടി ശേഖരിക്കുന്ന ഒരു ചേറുമുറം പോലെയും, പാതാളം ഒരു ചവറ്റുകൊട്ട പോലെയും ആണ്. ചേറുമുറം ശേഖരിക്കുന്നതെല്ലാം ചവറ്റുകൊട്ടയിലേക്ക് ഇടുന്നു. അങ്ങനെ, മരണം ശേഖരിക്കുന്ന ഇടവും, പാതാളം സൂക്ഷിക്കുന്ന ഇടവും ആണ്. ഇന്ന് സഭാജീവിതത്തിൽ നാം ഇപ്പോഴും മരണത്തിനും പാതാളത്തിനും കീഴ്പെട്ടിരിക്കുന്നവരാണോ? ഇല്ല! ക്രിസ്തു ക്രൂശിൽവച്ച് മരണത്തെ ഇല്ലാതാക്കുകയും തന്റെ പുനരുത്ഥാനത്തിൽ പാതാളത്തെ ജയിക്കുകയും ചെയ്തു. അവനെ പിടിച്ചുവയ്ക്കുവാൻ പാതാളം ശ്രമിച്ചുവെങ്കിലും, അങ്ങനെ ചെയ്യുന്നതിന് അത് ശക്തിഹീനമായിരുന്നു (പ്രവൃ. 2:24). അവനോടുള്ള ബന്ധത്തിൽ, മരണത്തിന് വിഷമുള്ളും പാതാളത്തിന് ശക്തിയും ഇല്ല. എന്നാൽ നമ്മുടെ കാര്യം എങ്ങനെയാണ്? അതും അങ്ങനെതന്നെ ആയിരിക്കണം. സഭാജീവിതത്തിൽ, മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ അവന്റെ കയ്യിലാണ്. മരണത്തോട് ഇടപെടുവാൻ നമുക്ക് അസാധ്യമാണ്; അതിനെ കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തി നമുക്കില്ല. മരണം പ്രവേശിക്കുമ്പോഴെല്ലാം അത് അനേകരെ മരിച്ചവരാക്കും. എന്നാൽ നമ്മുടെ ഇടയിൽ നീങ്ങുവാനും പ്രവർത്തിക്കുവാനും നാം കർത്താവായ യേശുവിന് അടിത്തറയും, അവസരവും, സ്വതന്ത്രവഴിയും നല്കുന്നിടത്തോളം, മരണവും പാതാളവും അവന്റെ നിയന്ത്രണത്തിൻകീഴിലായിരിക്കും. എന്നാൽ, സഭയിൽ കർത്താവായ യേശുവിന് അടിത്തറ ഇല്ലാതിരിക്കുമ്പോഴെല്ലാം, മരണം പെട്ടെന്ന് പ്രബലമായിത്തീരുകയും പാതാളം മരിച്ചവരെ പിടിച്ചുവയ്ക്കുവാൻ ശക്തിയുള്ളതായിത്തീരുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ കയ്യിൽ മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ ഉള്ളതിനായി കർത്താവിനെ സ്തുതിക്കാം. മരണം അവന് കീഴടങ്ങിയിരിക്കുകയും, പാതാളം അവന്റെ നിയന്ത്രണത്തിൻ കീഴിലും ആണ്. ഹല്ലേലൂയ്യാ!